**കേരള സർക്കാർ**

**സംഗ്രഹം**

**ധനകാര്യ വകുപ്പ് - എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി - തൃശ്ശൂർ നിയോജകമണ്ഡലം - പടിഞ്ഞാറേക്കോട്ട സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലെ മാനസിക രോഗികൾക്ക് ഭക്ഷണം പാചകം ചെയ്യുന്നതിനായി ഒരു സ്റ്റീമർ വാങ്ങുന്നതിന് തുക അനുവദിക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

**സ.ഉ.(സാധാ.) നം.8578/2019/ധന.     തിരുവനന്തപുരം, തീയതി 31/10/2019.**

---

പരാമർശം : 1. 29/12/2017- ലെ സ.ഉ.(അച്ചടി) നം. 161/2017/ധന ഉത്തരവ്.
2. ബഹു. കൃഷി വകുപ്പ് മന്ത്രി ശ്രീ. വി.എസ്. സുനിൽ കുമാർ ബഹു. ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് 29/09/2019 ന് നൽകിയ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ നിയോജകമണ്ഡലത്തിലെ പടിഞ്ഞാറേക്കോട്ട സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലെ നിർദ്ധനരായ മാനസിക രോഗികൾക്ക് ഭക്ഷണം പാചകം ചെയ്യുന്നതിനായി ഒരു സ്റ്റീമർ അനുവദിക്കുന്നതിന് എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും തുക വിനിയോഗിക്കുന്നതിന് പ്രത്യേകാനുമതി നൽകണമെന്ന് ബഹു. കൃഷി വകുപ്പ് മന്ത്രിയായ ശ്രീ. വി.എസ്. സുനിൽ കുമാർ അവർകൾ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ നിയോജകമണ്ഡലത്തിലെ പടിഞ്ഞാറേക്കോട്ട സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലെ നിർദ്ധനരായ മാനസിക രോഗികൾക്ക് ഭക്ഷണം പാചകം ചെയ്യുന്നതിനായി ഒരു സ്റ്റീമർ അനുവദിക്കുന്നതിന് തൃശ്ശൂർ നിയോജകമണ്ഡലത്തിലെ എം.എൽ.എ യും ബഹു. കൃഷി വകുപ്പ് മന്ത്രിയുമായ ശ്രീ. വി.എസ്. സുനിൽ കുമാർ അവർകളുടെ എം.എൽ.എ പ്രത്യേക വികസന നിധിയിൽ നിന്നും തുക വിനിയോഗിക്കുവാൻ പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ മാർഗ്ഗരേഖയിൽ ഇളവു വരുത്തി പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**അനിൽ കുമാർ എം.**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ജി & എസ്.എസ്.എ)കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
5. ജില്ലാ കളക്ടർ, തൃശ്ശൂർ.
6. ജില്ലാ ട്രഷറി ഓഫീസർ, തൃശ്ശൂർ.
7. നോഡൽ ഓഫീസർ, www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി [NC-B1/108/2019-Fin]

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**